III സബ്മിഷൻ

(1) പമ്പാ-അച്ചൻകോവിൽ നദികളിൽ നിന്നും തമിഴ്നാട്ടിലേയ്ക്ക് ജലം തിരിച്ചുവിടാനുള്ള നീക്കം

മി. സ്പീക്കർ : ഈ വിഷയം സംബന്ധിച്ച് 24.6-ൽ ഇവിടെ ഒരു കാളിംഗ് അറ്റൻഷൻ കൊടുത്തതാണ്. പക്ഷെ, അതിനുശേഷം എന്തോ ഡവലപ്മെന്റ് ഉണ്ടെന്ന് അങ്ങ് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഉന്നയിക്കാൻ അനുവദിച്ചിരിക്കുന്നത്. ഇവിടെ ചർച്ച ചെയ്തതാണ്. 10.00 A.M.]

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ഇവിടെ ചർച്ച ചെയ്ത വിഷയമല്ല. അങ്ങേയ്ക്ക് ഇത് വിശദീകരിക്കുമ്പോൾ മനസ്സിലാകും. നദി സംയോജനത്തിന്റെ പേരിൽ തെക്കേ ഇന്ത്യയിൽ നിന്നുള്ള പദ്ധതികളിലൊന്നായി പമ്പാ-അച്ചൻകോവിൽ വൈപ്പാർ ലിങ്കിനെ ഉൾപ്പെടുത്തിയിരിക്കുന്നതിനെക്കുറിച്ച് കേരളം ശക്തമായ വിയോജിപ്പും പ്രതിഷേധവും പ്രകടിപ്പിച്ചുകൊണ്ടിരിക്കെ തമിഴ്നാട് മേഖലയിൽ കെട്ടി ഉയർത്തിയിരിക്കുന്ന മേക്കര ഡാമിൽ സുലഭമായി വെള്ളം. പമ്പയിലും അച്ചൻകോവിലിലും ആദ്യം കുറച്ച് മഴ പെയ്തു. പിന്നീട് മഴ പെയ്യുന്നില്ല. വെള്ളം കുറഞ്ഞുകൊണ്ടിരിക്കുന്നു. എങ്ങനെ അവിടെ വെള്ളം വന്നു ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ആദ്യഘട്ടത്തിൽതന്നെ ഇതു സംബന്ധിച്ചുള്ള പ്രമാദമായ പത്ര റിപ്പോർട്ട് വന്നപ്പോൾ ഞാൻ സ്ഥലം സന്ദർശിക്കുകയും നേരിട്ട് കാണുകയും ചെയ്തു. വരൾച്ച പ്രദേശമാണ്. ഡാം കെട്ടുന്ന സ്ഥലത്തേയ്ക്ക് വെള്ളം വരാൻ യാതൊരു സാദ്ധ്യതയുമില്ല. പക്ഷെ, അവർ കോടിക്കണക്കിന് രൂപ ചെലവുചെയ്ത് ഡാം കെട്ടി ഉയർത്തി. മാത്രമല്ല ആ ഡാമിലേയ്ക്ക് ഇപ്പോൾ വെള്ളം വരുന്നു. എവിടെനിന്നാണ് വെള്ളം വരുന്നത്? പമ്പ-അച്ചൻകോവിലിലെ വൃഷ്ടി പ്രദേശങ്ങളിൽ നിന്ന് ഉള്ളതല്ലാതെ എങ്ങുനിന്നും വരാനില്ല. പത്തു പതിനഞ്ച് കി.മീ. എങ്കിലും മല തുരന്ന് (നമ്മുടെ വൃഷ്ടി പ്രദേശത്തുനിന്നും മലതുരന്ന്) വെള്ളം കൊണ്ടുപോയിട്ടുണ്ട്. നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ പിൻതുണയില്ലാതെ ഇങ്ങനെ മല തുരക്കാൻ സാധിക്കുമോ ? ഗവണ്മെന്റ് ഇതു സംബന്ധിച്ച് വല്ലതും പരിശോധിച്ചിട്ടുണ്ടോ ? അന്നുതന്നെ ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി, കണ്ട കാര്യങ്ങളെല്ലാം അറിയിച്ചു. മുഖ്യമന്ത്രിക്ക് കത്തെഴുതി. ഇറിഗേഷൻ വകുപ്പുമന്ത്രിയെ അറിയിച്ചു. ഞാൻ മാത്രമല്ല അതു സംബന്ധിച്ച് പ്രമാദമായ പത്ര റിപ്പോർട്ടുകൾ നിരന്തരമായി വന്നുകൊണ്ടിരിക്കുകയാണ്. അതെല്ലാം നിങ്ങൾ ശ്രദ്ധിച്ചുകാണുമെന്ന് കരുതുന്നു. എന്നാൽ ഇതു സംബന്ധിച്ച് നദീതടങ്ങളുടെ സംയോജനത്തെപ്പറ്റിയുള്ള ചർച്ച നടത്തണമെന്നു പറഞ്ഞുകൊണ്ട് കേന്ദ്ര ഗവണ്മെന്റിനെ അറിയിച്ചിട്ട് നമ്മുടെ പ്രതിഷേധം അറിയിച്ചുവെന്നാണ് ആൾ പാർട്ടി സമ്മേളനത്തിൽ നിങ്ങൾ ഞങ്ങളെ അറിയിച്ചത്. രാഷ്ട്രീയ പാർട്ടികളുടെയെല്ലാം പ്രവർത്തകന്മാർ വന്ന് ഈ കാര്യം സംബന്ധിച്ച് ഉന്നയിച്ചപ്പോൾ ശക്തമായ പ്രതിഷേധം നമ്മുടെ ഭാഗത്തുനിന്നും അറിയിച്ചിരിക്കുകയാണ്. എന്നാലും അവർക്ക് പഠിച്ചേ ഒക്കൂ എന്ന് പറഞ്ഞതനുസരിച്ച് അതു സംബന്ധിച്ച് ആലോചിക്കാം എന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ഇതു സംബന്ധിച്ച് ശ്രീ. ടി. കെ. ബാലൻ, ഡോ. തോമസ് ഐസക്,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. സാജു പോൾ എന്നിവർ ചോദിച്ച ചോദ്യത്തിന് മുഖ്യമന്ത്രി 'നമ്മുടെ പ്രതിഷേധം അറിയിച്ചിട്ടുണ്ട്' എന്നെല്ലാം പറഞ്ഞതിനു ശേഷം അവസാനം പറഞ്ഞിരിക്കുന്നു "കേരളവും N.W.D.A.യും കൂടി സംയുക്തമായി വെള്ളത്തിന്റെ ലഭ്യതയെക്കുറിച്ച് പഠനം നടത്തുകയുണ്ടായി. ഈ കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു, നമ്മുടെ പ്രതിഷേധത്തെ സംബന്ധിച്ച ചോദ്യത്തിന് മറുപടിയായിട്ട് അവസാനം പറഞ്ഞിരിക്കുന്നത് പഠിച്ചുകഴിഞ്ഞു എന്നാണ്. എന്തു പഠിച്ചു കഴിഞ്ഞു എന്നാണ്. ഇങ്ങനെ വളരെ ഗൗരവമായ നമ്മുടെ ജലത്തിന്റെ പ്രശ്നം പമ്പാ-അച്ചൻകോവിൽ പ്രദേശത്തെ ജലം നഷ്ടപ്പെടുക എന്നു പറഞ്ഞാൽ പത്തനംതിട്ട, കോട്ടയം ജില്ലകളും, ആലപ്പുഴ ജില്ലയിലെ വിശാലമായ കുട്ടനാടൻ പ്രദേശവും വറ്റിവരളുന്നതാണ്. വേമ്പനാട്ടു കായലും നശിക്കും. ഈ തരത്തിലുള്ള അത്യന്തം ഗൗരവമായ പ്രശ്നത്തെ സംബന്ധിച്ച് ഗവൺമെന്റ് എങ്ങനെയാണ് കാണുന്നത്. എവിടെ നിന്നാണ് അവിടെ വെള്ളം വരുന്നത് എന്നതു സംബന്ധിച്ച് ഒരു അന്വേഷണം നടത്താൻ തയ്യാറുണ്ടോ ? നിങ്ങൾ പറയുന്ന മറുപടി മാത്രം കേട്ട് തൃപ്തിപ്പെടാൻ സാധിക്കാത്തതാണ് സ്ഥിതിഗതികൾ. മാതൃഭൂമി ഇതുസംബന്ധിച്ച് എഴുതിയിട്ടുണ്ട്. മുഖപ്രസംഗങ്ങൾ നിങ്ങൾ വായിച്ചുകാണും എന്ന് ഞാൻ ആശിക്കുന്നു. അവർ പറയുകയാണ് ഇവിടെ വറ്റിവരളുമ്പോൾ അവിടെ നിറഞ്ഞുകൊണ്ടേയിരിക്കുന്നു എന്ന് അൽഭുതം. നമ്മുടെ ഉദ്യോഗസ്ഥന്മാരും ഗവൺമെന്റും മിഴിച്ചിരിക്കുന്നുണ്ടോ എന്നാണ് അവർ ഭംഗ്യന്തരേണ ചോദിച്ചിരിക്കുന്നത്. ഇപ്പോൾ എന്താണ് ഇതു സംബന്ധിച്ചുള്ള സത്യാവസ്ഥയെന്ന് ഈ സഭയെ അറിയിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ വിഷയത്തിന്റെ ഗൗരവം ഒട്ടും കുറച്ചു കാണുന്നില്ല. പക്ഷെ, അദ്ദേഹത്തിന് ലഭ്യമായിരിക്കുന്ന വിവരങ്ങൾ ശരിയല്ല എന്ന് പറയേണ്ടിവരുന്നു. കാരണം ഒന്ന്, അദ്ദേഹം പറഞ്ഞത് തമിഴ്നാട്ടിലെ മേക്കരെ ഡാമിലേയ്ക്ക് നമ്മുടെ വൃഷ്ടി പ്രദേശത്തുനിന്നും ടണൽ വഴി വെള്ളം കൊണ്ടുപോകുന്നുണ്ട്. അതല്ലായെങ്കിൽ മേക്കരെ ഡാമിൽ എങ്ങനെ ഇത്രയും വെള്ളം ഉയർന്നു എന്നാണ്. അവിടെ വരൾച്ച അനുഭവപ്പെടുന്ന പ്രദേശമാണ്. പറമ്പിക്കുളം നദിയിൽ ആണ് മേക്കരെ ഡാം കെട്ടിയിരിക്കുന്നത്. എനിക്കു കിട്ടിയിരിക്കുന്ന റിപ്പോർട്ടനുസരിച്ച് ഒരു മാസം മുമ്പ് നമ്മുടെ ആളുകൾ അവിടെ പോയി കണ്ടതിൽ നിന്ന് നമുക്ക് മറ്റ് സ്റ്റേറ്റിൽ ഡാം നിർമ്മിക്കുന്നത് തടയാൻ സാദ്ധ്യമല്ല. അത് അങ്ങേയ്ക്കും അറിയാം. അന്നത്തെ സ്ഥിതിയാണ് ഞാൻ പറയുന്നത്. 33 അടി വെള്ളമേ ആ ഡാമിൽ ആ സമയത്ത് ഉണ്ടായിരുന്നുള്ളൂ. ആ കണക്കുവച്ചാണെങ്കിൽ ആ ഡാമിന്റെ ഫുൾ റിസർവോയർ ലവൽ (F.R.L)-ൽ വെള്ളം എത്രണമെങ്കിൽ ആ തോതിൽ വെള്ളം വരികയില്ല. അത് നിറയാൻ 10 വർഷമെങ്കിലും വേണ്ടിവരും. അനേക കോടി രൂപ മുടക്കി വലിയ തോതിൽ ആ ഡാം അവർ അവിടെ കെട്ടിയിരിക്കുന്നത് സദുദ്ദേശത്തോടു കൂടിയല്ല എന്നുള്ള കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഗവൺമെന്റിന് യാതൊരു തർക്കവുമില്ല. അവർ ടണൽ നിർമ്മിച്ചുവരികയാണെങ്കിൽ അതും നമ്മുടെ ഫോറസ്റ്റ് ഭൂമിയിൽക്കൂടി വേണം വരാൻ. അങ്ങനെ വരാതിരിക്കാൻ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റേയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റേയും ഉദ്യോഗസ്ഥന്മാർ അടങ്ങുന്ന ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെന്റിന് ലഭിക്കുന്നുണ്ട്. വനത്തിനകത്ത് നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് അങ്ങനെ നിയോഗിക്കപ്പെടുന്ന ആളുകളിൽ നിന്നും നമുക്ക് കിട്ടുന്ന റിപ്പോർട്ടുവച്ചേ കാര്യങ്ങൾ പറയാൻ സാധിക്കൂ. ഗവണ്മെന്റിന് ലഭ്യമായ വിവരം അനുസരിച്ച് അങ്ങനെ ഒരു ടണൽ നിർമ്മാണം അവിടെ നടന്നിട്ടില്ല. അതുകൊണ്ടാണ് ഞാൻ അങ്ങയോട് അങ്ങനെ പറഞ്ഞത്. മറ്റൊന്ന് നാഷണൽ വാട്ടർ ഡെവലപ്മെന്റ് ഏജൻസിയുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് പ്രതിപക്ഷനേതാവ് സംസാരിച്ചു. കഴിഞ്ഞ 22-7-2003-ൽ നിയമസഭയിൽ വന്ന ചോദ്യവും അതിന് മുഖ്യമന്ത്രി നൽകിയിരിക്കുന്ന മറുപടിയുടെ ഒരു ഭാഗവുമാണ് അദ്ദേഹം ഇവിടെ വായിച്ചത്. അതിൽ പറഞ്ഞിരിക്കുന്നത്, അതിന്റെ അവസാന ഭാഗമാണ് അദ്ദേഹം സൂചിപ്പിച്ചത്. തെറ്റിദ്ധാരണയുണ്ടെന്നാണ് പറഞ്ഞത്. "N.W.D.A.യുടെ റിപ്പോർട്ട്, കേരള പ്രതിനിധികളുടെ പങ്കാളിത്തം കൂടാതെയുള്ളതിനാലും റിപ്പോർട്ട് തയ്യാറാക്കിയശേഷം രണ്ട് ദശാബ്ദത്തോളം കഴിഞ്ഞതിനാലും അതിലെ നിഗമനങ്ങൾ സ്വീകാര്യമല്ല എന്ന കേരളത്തിന്റെ നിലപാട് കണക്കിലെടുത്ത് കേരളവും N.W.D.A യും കൂടി സംയുക്തമായി വെള്ളത്തിന്റെ ലഭ്യതയെക്കുറിച്ച് ഒരു പഠനം നടത്തണമെന്ന് തീരുമാനിക്കുകയുണ്ടായി. ഈ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു." ഈ യോഗം നടന്നത് 28-3-2003-ൽ ഡൽഹിയിൽ വച്ചാണ്. ഞാൻ ആ യോഗത്തിൽ പങ്കെടുത്തു. ആ യോഗത്തിൽ വച്ച് പമ്പാ-അച്ചൻകോവിൽ നദികളെ ബന്ധിപ്പിച്ച് വൈപ്പാർ ബെയ്സിനിലേക്ക് ജലം കൊണ്ടുപോകാനുള്ള പ്രൊപ്പോസൽ നാഷണൽ വാട്ടർ ഡവലപ്മെന്റ് ഏജൻസി.....ഇത് കേന്ദ്ര വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റിന്റെ സൊസൈറ്റിയാണ്.....1982-ൽ രൂപീകരിച്ച സൊസൈറ്റിയാണ്. ഇവർ 1991-ൽ പഠനം നടത്തി. ആ കാലംമുതൽ പഠനം തുടങ്ങി 1995-ൽ റിപ്പോർട്ട് പൂർത്തിയായി. അതിൽ അവർ പറഞ്ഞു, പമ്പയിലും അച്ചൻകോവിലിലുമായിട്ട് 634 മില്യൺ ക്യൂബിക് മീറ്റർ, അതായത് 22.5 .റ്റി.എം.സി. ജലം അധികമുണ്ട് അത് വൈപ്പാർ ബേസിനിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യണം. നമ്മൾ പറഞ്ഞു "ഇല്ല സാദ്ധ്യമല്ല" എന്ന്. ആദ്യം മുതൽ തന്നെ ഗവൺമെന്റ് കോൺസിസ്റ്റന്റായി ഒരു വ്യൂ എടുത്തിട്ടുള്ളത്, ഈ രണ്ട് നദികളിലും മിച്ച ജലം ഇല്ലാ എന്നുതന്നെയാണ്. ആ വ്യൂ എടുത്തതിനുശേഷം നമ്മൾ കോഴിക്കോട് പ്രവർത്തിക്കുന്ന ഇണഞ്ഞഉങ-നെക്കൊണ്ട് ഇതു സംബന്ധിച്ച് ഒരു പഠനം നടത്തിച്ചു. അതിനകത്ത് സ്പെസിഫിക്കായിട്ട് പറഞ്ഞിരിക്കുന്നത്, വേമ്പനാട് ലേക്കിൽ ആറു നദികൾ വന്നെത്തുന്നതിൽ പമ്പയും അച്ചൻകോവിലും മാത്രം സെപ്പറേറ്റ് ചെയ്ത് ഒരു പഠനം ശരിയല്ല. വേമ്പനാട് ലേക്കിന്റെ പാരിസ്ഥിതികമായ പ്രശ്നവും കുട്ടനാടിന്റെ ഇഷ്യൂവും കണക്കിലെടുക്കുമ്പോൾ ഈ ആറ് നദികളിലെയും ഡിസ്ചാർജ് ടോട്ടലായി എടുത്തേപറ്റൂ. A.D. 2050 ആകുമ്പോഴേക്കും ഈ ഭാഗത്ത് വെള്ളത്തിന് ക്ഷാമമുണ്ടാകുമെന്നുള്ളതു തന്നെയാണ് CWRDM-ന്റെ റിപ്പോർട്ട്. അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾക്ക് ഈ പ്രൊപ്പോസലുമായി എഗ്രീ ചെയ്യാൻ സാധ്യമല്ല എന്ന് നമ്മൾ അസന്നിഗ്ദ്ധമായി പറഞ്ഞിട്ടുണ്ട്. ഇടതുപക്ഷ ഗവൺമെന്റ് ഭരിച്ചപ്പോഴും അതിനു

മുമ്പ് ഞങ്ങൾ ഭരിച്ചിരുന്നപ്പോഴും ഇപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴും ഈ സ്റ്റാന്റ് തന്നെയാണ് നമ്മുടേത്. ഇതിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. അതിനുശേഷം മുഖ്യമന്ത്രി നമ്മുടെ വ്യൂ പറഞ്ഞുകൊണ്ട് ഒരു കത്ത് പ്രധാനമന്ത്രിക്ക് അയച്ചു. പമ്പയും അച്ചൻകോവിലും നമ്മുടെ സ്റ്റേറ്റിലെ നദികളാണ്. ഇന്റർ സ്റ്റേറ്റ് റിവർ അല്ല. അന്തർ സംസ്ഥാന നദികളല്ലാത്തിടത്തോളംകാലം ഈ നദികളെ ബന്ധിപ്പിക്കുന്നതിനോ വൈപ്പാർ ബേസിനിലേയ്ക്ക് വെള്ളം കൊണ്ടുപോകാനോ നിർദ്ദേശിക്കുവാൻ കേന്ദ്ര ഗവൺമെന്റിന് യാതൊരു അധികാരവുമില്ല. നമ്മുടെ പ്രതിഷേധം അറിയിച്ചു. മുഖ്യമന്ത്രിയല്ലാതെ പിന്നെ ആരാണ് കത്ത് അയയ്ക്കേണ്ടത് ?

Mr. Speaker : Yes,...Yes,....

ശ്രീ. ടി. എം. ജേക്കബ് : ഇത് ഒരു സെൻസിറ്റീവ് വിഷയമാണ്.

മി. സ്പീക്കർ : അതുകൊണ്ടാണ് ഞാൻ ഇത്രയും സമയം അനുവദിച്ചത്.

ശ്രീ. ടി. എം. ജേക്കബ് : ഇതിന്റെ എല്ലാ ഗൗരവവും കണക്കിലെടുത്തിട്ടുണ്ട്. അതിന്റെ എല്ലാ അർത്ഥത്തിലുമുള്ള ഗൗരവം ഉൾക്കൊണ്ടിട്ടുണ്ട്. ഒരു കാരണവശാലും നമ്മൾ സമ്മതിക്കുന്നതല്ല. ഇങ്ങനെ അവർ ഇങ്ങനെ നദികളെ തമ്മിൽ ബന്ധിപ്പിക്കാൻ ശ്രമിച്ചാൽ എന്തുചെയ്യാൻ കഴിയും ? ഇനി അവർ ശ്രമം നടത്തിയാൽ ഫിസിക്കലായിട്ട് നാട്ടുകാർ തടയും. അത്രയേയുള്ളൂ. കേന്ദ്ര ഗവൺമെന്റിന് അങ്ങനെ സ്റ്റേറ്റ് ഗവൺമെന്റിനുമേൽ കുതിരകയറാൻ പറ്റുമോ ? ഭരണഘടനയുണ്ട്, ചട്ടങ്ങളുണ്ട്, നിയമമുണ്ട്. ഭരണഘടന അനുസരിച്ചും നിയമം അനുസരിച്ചും പമ്പാ-അച്ചൻകോവിൽ നദികളെ ബന്ധിപ്പിച്ച് വൈപ്പാർ ബേസിനിലേയ്ക്ക് വെള്ളം കൊണ്ടുപോകുവാൻ സാധിക്കുകയില്ല. അത് നമ്മൾ അനുവദിക്കുന്ന പ്രശ്നമില്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : പറമ്പിക്കുളം-അളിയാർ പദ്ധതി നമ്മൾ അംഗീകരിച്ചതിനുശേഷം നിയമവിരുദ്ധമായി വെള്ളം കൊണ്ടുപോകുവാൻ അവിടെ തുരങ്കം സ്ഥാപിച്ചത് നമുക്ക് നേരിട്ട് അനുഭവമുള്ളതല്ലേ? നിയമവിരുദ്ധമായി എന്തുംചെയ്യാൻ മടികാണിക്കാത്ത അവർ ഇവിടെയും തുരങ്കം സ്ഥാപിക്കുവാൻ ഇടയുണ്ട്. അങ്ങനെ ഒരു നിഗമനത്തിൽ എത്തിക്കൂടേ? അല്ലെങ്കിൽ അവിടെ എങ്ങനെ വെള്ളം വന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്ന് ഈ സംശയം തീരുന്നതല്ല എന്നത് ഇവിടെ സൂചിപ്പിച്ചു എന്നേയുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മന്ത്രി അവിടെപ്പോയി പരിശോധിക്കണം.

ശ്രീ. ടി. എം. ജേക്കബ് : വെള്ളം വന്നത് എങ്ങനെയാണെന്ന് എന്നോട് ചോദിച്ചാൽ ഞാൻ എന്താണ് പറയുക? മേക്കര ഡാമിൽ വെള്ളം വന്നു എന്ന് പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയായിരിക്കാം. എനിക്ക് അറിഞ്ഞുകൂട. എന്റെ കയ്യിൽ കിട്ടിയ കടലാസ്.....

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ അവിടെപ്പോയി നോക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സബ്ജക്ട് കമ്മിറ്റി അവിടെപ്പോയി പഠിക്കുവാൻ ഏർപ്പാടുണ്ടാക്കണം.

ശ്രീ. ടി. എം. ജേക്കബ് : എനിക്ക് പോകുവാൻ പേടിയില്ല. ഞാൻ പോകാം. ഒരുകാര്യം ചെയ്യാം, അങ്ങ് സമ്മതിക്കുകയാണെങ്കിൽ നമ്പർ III സബ്ജക്ട് കമ്മിറ്റി മേക്കര ഡാം സന്ദർശിച്ച് പരിശോധിക്കട്ടെ. അവിടത്തെ സ്ഥിതി എന്താണെന്ന് നോക്കാം. അദ്ദേഹം പറഞ്ഞ പറമ്പിക്കുളം അലിയാർ പ്രോജക്ടിൽ ഒരു എഗ്രിമെന്റ് തമിഴ്നാടുമായി വച്ചിട്ടുണ്ട്. ആ എഗ്രിമെന്റിന്റെ വയലേഷനാണ്. പമ്പാ-അച്ചൻകോവിൽ വൈപ്പാർ ലിങ്ക് സംബന്ധിച്ച് ഒരു എഗ്രിമെന്റ് ഇല്ല. രണ്ടും രണ്ടാണ്. പ്രതിപക്ഷ നേതാവുമായി ഒരു തർക്കത്തിനില്ല. സ്റ്റേറ്റിന്റെ കോമൺ ഇന്ററസ്റ്റാണ്. അതുകൊണ്ട് നമുക്ക് രണ്ടു കൂട്ടർക്കും ഈ കാര്യത്തിൽ യോജിച്ചുതന്നെ നിൽക്കാം. ഇക്കാര്യത്തിൽ ഡിഫറൻസ് ഓഫ് ഒപ്പീനിയൻ ആവശ്യമില്ലല്ലോ. നമ്മുടെ ജലസമ്പത്ത് സംരക്ഷിക്കുവാനുള്ള കാര്യത്തിൽ ഈ സഭ ഒന്നായിട്ട് നിൽക്കാം. ഈ സ യുടെ പ്രതിഷേധം വേണമെങ്കിൽ ഒന്നുകൂടി കേന്ദ്ര ഗവൺമെന്റിനെ നമുക്ക് അറിയിക്കാം. പറഞ്ഞല്ലോ, വേണമെങ്കിൽ സ്പീക്കറുമായി ആലോചിച്ച് റസല്യൂഷൻ എടുക്കാമെന്ന്.

മി. സ്പീക്കർ : വളരെ പ്രധാനപ്പെട്ട ഒരു കാര്യമായതുകൊണ്ടും പ്രതിപക്ഷ നേതാവ് സ യിൽ ഉന്നയിച്ചതുകൊണ്ടും സബ്ജക്ട് കമ്മിറ്റി അവിടെപ്പോയി കാണട്ടെ. I will give permission for the Subject Committee to visit that place.

(2) വാദ്യത്തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, വളരെ അസംഘടിതമായിട്ടുള്ള ഒന്നര ലക്ഷത്തോളം വരുന്ന വാദ്യ കലാകാരന്മാരുടെ ജീവിതത്തിൽ പുരോഗതി ഉണ്ടാക്കണമെന്ന ലക്ഷ്യംവച്ചുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഒരു വർഷത്തിൽ വളരെ പരിമിതമായ ജോലി മാത്രമാണ് വാദ്യകലാകാരന്മാർക്ക് കിട്ടുന്നത്. നമ്മുടെ ആഘോഷങ്ങൾക്കും ഉൽസവങ്ങൾക്കും പെരുന്നാളുകൾക്കുമെല്ലാംതന്നെ പൊലിമ കൂട്ടുന്നതിനുവേണ്ടി പണിയെടുക്കുന്ന ഒന്നര ലക്ഷത്തോളം വരുന്ന ഈ കലാകാരന്മാരുടെ ജീവിതം വളരെ ദുരിതപൂർണ്ണമാണെന്ന് ഞാൻ പറയാതെതന്നെ ബഹുമാനപ്പെട്ട അങ്ങേയ്ക്കും ഈ സഭയ്ക്കും, ബഹുമാനപ്പെട്ട മന്ത്രിക്കും ഒക്കെ അറിയാവുന്നതാണ്. മറ്റ് എല്ലാ തൊഴിലാളികൾക്കും വിവിധ രീതിയിലുള്ള ക്ഷേമ പെൻഷൻ പദ്ധതികളുണ്ട്. ഒന്നര ലക്ഷംവരുന്ന വാദ്യ കലാകാരന്മാർക്കും കൂടി പെൻഷനും ക്ഷേമ പദ്ധതികളിൽ നിന്നുള്ള ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ബഹുമാനപ്പെട്ട രാധാകൃഷ്ണൻ പറഞ്ഞത് ഇവരൊക്കെ കലാകാരന്മാരാണ് എന്നാണ്. തൊഴിൽ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഇത് വലിയൊരു പ്രശ്നമാണ്. ഇവർ കലാകാരന്മാരാണോ തൊഴിലാളികളാണോ എന്ന വിവേചനത്തിന്റെ പ്രശ്നമുണ്ട്. എന്തായാലും ജീവിക്കുവാൻവേണ്ടി ഒരു തൊഴിൽ എടുക്കുന്നവരാണ് എന്ന, കുറച്ചുകൂടെ ലിബറൽ ഇന്റർപ്രെട്ടേഷൻ എടുത്ത്